**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3021** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി - മനുഷ്യ സംഘർഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധം-1ആയി ചേർക്കുന്നു . |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, എച്ചിപ്പാറ, ചൊക്കന, ശാസ്താംപൂവ്വം, ഇഞ്ചക്കുണ്ട് ഉൾപ്പെടെയുള്ള വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ വിവിധ മലയോര ഗ്രാമങ്ങളിൽ വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക നാശവും ജനങ്ങളുടെ ജീവനും സ്വത്തിനും നേരെയുള്ള ഭീഷണിയും തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി ഡിവിഷന് കീഴിൽ വരുന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഹാംഗിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ച സ്ഥലങ്ങളിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഡിവിഷൻ തലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വനത്തിനോട് ചേർന്ന് താമസ്സിക്കുന്നവരെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം കാണുന്ന പക്ഷം തത്സമയം വാട്ട്സാപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങൾ ലഭിക്കുകയും അപ്പോൾ തന്നെ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പട്രോളിംഗ് നടത്തി വന്യജീവികളെ തിരികെ കാട്ടിനുള്ളിലേക്ക് തുരത്തുകയും ചെയ്യാറുണ്ട്. വന്യജീവികളിൽ നിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തുന്നതിലേക്കായി വാച്ചർമാരെ നിയോഗിച്ച് വരികയും ചെയ്യുന്നുണ്ട്. മൃഗങ്ങൾ ജനവാസമേഖലകളിലേക്ക് കടിവെള്ളം അന്വേഷിച്ച് ഇറങ്ങുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേക്ക് കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും നിലവിലുള്ളവ പരിപാലിച്ചുവരുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പാലപ്പിള്ളി |

| | | | |
|---|---|---|---|
| | | | റെയിഞ്ചിൽ 31/05/2024 തീയതിയിലെ സ.ഉ. (കൈ) നം. 23/2024/വനം നമ്പർ ഉത്തരവ് പ്രകാരം ആർ.ആർ.ടി. രൂപീകരിച്ച പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് രൂപീകരിച്ച ജനജാഗ്രതാ സമിതികൾ ആവശ്യാനുസരണം യോഗം ചേരാറുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും (പി.ആർ.ടി.കൾ) രൂപീകരിച്ചിട്ടുണ്ട്. പാലപ്പിള്ളി മേഖലയിൽ 3 ക്യാമറാ ട്രാപ്പുകൾ പ്രവർത്തനക്ഷമമാണ്.<br><br>മിഷൻ സോളാർ ഫെൻസിംഗിൻ്റെ ഭാഗമായി പാലപ്പിള്ളി (6.00 കി.മീ.), വെള്ളിക്കുളങ്ങര (12.00 കി.മീ.) റെയിഞ്ച് പരിധിയിൽ ആകെ 18.00 കി.മീ. സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുള്ളതും ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളിക്കുളങ്ങര റെയിഞ്ചിൽ എട്ട് കി.മീ. സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിദ്ധ്യമുള്ളതും നിലവിൽ ഫെൻസിംഗ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ ഫെൻസിംഗ്, സോളാർ ഹാംഗിംഗ് ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നതിന് വിവിധ അടങ്കലുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിവരം അനുബന്ധം- 2ആയി ചേർക്കുന്നു.<br><br>കൂടാതെ വരന്തരപ്പിള്ളി പഞ്ചായത്തിൽ ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ. കെ.കെ. രാമചന്ദ്രൻ പങ്കെടുത്ത മീറ്റിംഗിൽ പാലപ്പിള്ളി റെയിഞ്ചിലെ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ എം.എൽ.എ.യുടെ തദ്ദേശ വികസന ഫണ്ട് മുഖാന്തിരം ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ പാലപ്പിള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പാലപ്പിള്ളി റെയിഞ്ചിലെ വിവിധയിടങ്ങളിലായി 23 ക്യാമറകൾ സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. **"മിഷൻ സോളാർ ഫെൻസിംഗ് 2024"** – നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന തീവ്രയജ്ഞ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതുമുതൽ നാളിതുവരെ 1155 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി **"മിഷൻ ഫുഡ്, ഫോഡർ &വാട്ടർ"** പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെട്ടു ിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തി-

ച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.

8. RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയ സമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് 26/05/2025 ന് സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത് (സ.ഉ. (സാധാ) നം. 197/2025/വനം തീയതി 26/05/2025).

9. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെമുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്തല പ്ലാനുകളുടെ അവതരണവും ചർച്ചയും പൂർത്തിയാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ,ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സ.ഉ. (സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

11. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്റർ (SFEOC), ഡിവിഷൻതലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 251/2025/DMD തീയതി 19/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

12. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗകമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി വാഹനവും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 265/2025/DMD തീയതി 23/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമേ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ സ.ഉ. (സാധാ) നം. 297/2025/DMD തീയതി 06/05/2025 പ്രകാരവും ഉത്തരവായിട്ടുണ്ട്.

13. വനത്തിനകത്ത്ചെക്ക്ഡാമുകൾ, വാച്ച്ടവറുകൾഎന്നിവനിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ്ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോ കോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 28/05/2025 ലെ സ.ഉ.(കൈ) നം. 17/2025/വനം പ്രകാരം 28/05/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനുംസ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടുംസ.ഉ.(സാധാ) നം. 108/2025/DMD തീയതി 06/03/2025 പ്രകാരംസർക്കാർ ഉത്തരവായിട്ടുള്ളതാണ്.

17. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് **"സർപ്പ"** എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജന ജാഗ്രതാ സമിതികൾ രൂപീകരിച്ച മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

19. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്തക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

20. ജനവാസമേഖലയിലേക്ക്പ്രവേശിക്കുന്നകാട്ടാനകളെശബ്ദവുംവെളിച്ചവുംഉണ്ടാക്കികാട്ടിലേക്ക്തിരികെവിടുന്നതിന്ആധുനികഅനിഡേർസ്അലാറംസിസ്റ്റംപ്രയോജനപ്പെടുത്തിവരുന്നു. ആധുനികസാങ്കേതികവിദ്യയിലധിഷ്ഠിതമായഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറട്രാപ്പ്, ആനിമൽഇൻട്രൂഷൻഅലർട്ട്സിസ്റ്റംതുടങ്ങിയവയുംമനുഷ്യ-വന്യമൃഗസംഘർഷംലഘൂകരിക്കുന്നതിന്ഉപയോഗപ്പെടുത്തിവരുന്നു.

21. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക്പാക്കേജ്പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യ ജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന്മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

22. കേരളത്തിലെ വന്യജീവിസംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ **"സംസ്ഥാന സവിശേഷ ദുരന്തമായി"** പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയസാങ്കേതികവിദ്യകൾഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീവികളുടെ സാന്നിദ്ധ്യത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ളനിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും പാതയോരങ്ങളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

27. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre - DFEOC), വനം വകുപ്പ് ആസ്ഥാനത്ത്

സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre - SFEOC) 24 മണിക്കൂറും പ്രവർത്തിച്ച വരുന്നു.

28. മനുഷ്യവന്യ-ജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

29. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

30. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

31. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

32. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെട്ടു ിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെട്ടു ിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

33. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾഎന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.വനപ്രദേശങ്ങളോട്ടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾതുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻവേണ്ടനടപടികൾസ്വീകരിച്ചിട്ടുണ്ട്.

34. വനത്തിനുള്ളിലെ വയലുകളുടെപരിപാലനത്തിന്നബാർഡ് മുഖേന ₹25 കോടിലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തികൾ നടക്കുന്നുണ്ട്.

35. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

36. മനുഷ്യ-വന്യമൃഗ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്.

37. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ 2179 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

38. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പരിപാടികളുടെ ജില്ലാതല അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം ജില്ലാതല സമിതകൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

39. പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും നഷ്ടപരിഹാര വിതരണ രീതിയും പരിഷ്കരിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

40. ഇതിലുപരിയായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ നടപ്പിലാക്കാനായി 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. മിഷൻ ഫുഡ്, ഫോഡർ&വാട്ടർ (Mission FFW / Mission Food, Fodder & Water)
2. Mission Tribal Knowledge (ഗോത്രഭേരി)
3. Mission Solar Fencing
4. Mission Primary Response Team
5. Mission Real Time Monitoring
6. Mission Sensitization to Public
7. Mission Science on Human Wildlife Conflict
8. Mission Bonnet Macaque
9. Mission Wild Pig
10. Mission SARPA

41. കൂടാതെ 2025 സെപ്റ്റംബർ 16 ന് ആരംഭിച്ച് 45 ദിവസം നീണ്ടുനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്.

അനുബന്ധം- 3021

| ക്രമ നം | റെയിഞ്ച് | പഞ്ചായത്ത് | പ്രദേശം | തരം | നീളം (കി.മീ.) |
|---|---|---|---|---|---|
| 1 | വെള്ളിക്കുളങ്ങര | മറ്റത്തൂർ | കരിക്കടവ്-കരികുളം | സോളാർ തൂക്കുവേലി | 14.00 |
| 2 | പാലപ്പിള്ളി | വരന്തപ്പിള്ളി | കണ്ണാട്ടുപാടം- പത്തിന്റെ പാലപ്പുര | സോളാർ തൂക്കുവേലി | 7.00 |
| 3 | വെള്ളികുളങ്ങര | മറ്റത്തൂർ | പരുന്തുംപാറ – കരികുളം | സോളാർ വേലി | 2.00 |
| 4 | വെള്ളികുളങ്ങര | മറ്റത്തൂർ | ഇഞ്ചക്കുണ്ട് P&CS – കോടാലി റോഡ് | ചെയിൻ ലിങ്ക് വേലി | 2.00 |
| 5 | വെള്ളികുളങ്ങര | കോടശ്ശേരി | മുപ്ലി | സോളാർ വേലി | 2.00 |
| 6 | പാലപ്പിള്ളി | വരന്തപ്പിള്ളി | കരികുളം കടവ് – പൗളിക്കണ്ണി | സോളാർ വേലി | 3.50 |
| | **ആകെ നീളം** | | | | **30.50** |